"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പിറവം നഗരസഭ- അത്തച്ചമയ ഘോഷയാത്രയുടെ നടത്തിപ്പിന് നഗരസഭയിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1512/2026/LSGD തീയതി,തിരുവനന്തപുരം, 13-08-2026

പരാമർശം:- നഗരസഭാ ചെയർപേഴ്സന്റെ 15.07.2026 തീയതിയിലെ അപേക്ഷ.

ഉത്തരവ്

പിറവം നഗരസഭ എല്ലാ വർഷവും ഓണാഘോഷത്തോട് അനുബന്ധിച്ച് നടത്തി വരാറുള്ള അത്തച്ചമയ സായാഹ്ന സാംസ്കാരിക ഘോഷയാത്രയുടെ നടത്തിപ്പിലേക്ക് അഞ്ചു ലക്ഷത്തിനുളളിൽ നിൽക്കുന്ന തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചിലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് സൂചന കത്ത് പ്രകാരം പിറവം നഗരസഭാ ചെയർപേർസൺ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിറവം നഗരസഭ എല്ലാ വർഷവും ഓണാഘോഷത്തോട് അനുബന്ധിച്ച് നടത്തി വരാറുള്ള അത്തച്ചമയ സായാഹ്ന സാംസ്കാരിക ഘോഷയാത്രയുടെ നടത്തിപ്പിലേക്ക് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ₹500000/-(അഞ്ചുലക്ഷം രൂപ മാത്രം) രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ചെലവുകൾ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Assim M S
Date: 13-08-2026
13:40:37
സെക്ഷൻ ഓഫീസർ